# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/142/2017 **പത്രക്കുറിപ്പ്** 2017 ജൂലായ് 7

**എം. ജി. ബിരുദ പ്രവേശനം എസ്.സി/എസ്,ടി അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ ജൂലായ് 10 വരെ.**

എം. ജി സർവ്വകലാശായോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്ക് പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള സ്പെഷ്യൽ അലോട്ട്മെന്റിന് ജൂലായ് 10 ന് വൈകീട്ട് അഞ്ചുമണി വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം എസ്. സി/എസ്. ടി അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. ലോഗിൻ ചെയ്ത ശേഷം അപേക്ഷകനു താൻ നേരത്തേ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ സംഭവിച്ചിട്ടുങ്കെിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. ഇതുവരെയും രജിസ്റ്റർ ചെയ്യാത്ത എസ്.സി/എസ്.ടി അപേക്ഷകർക്കും പുതുതായി ഫീസടച്ച് സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സ്പെഷ്യൽ അലോട്ട്മെന്റ് ലിസ്റ്റ് ജൂലായ് 12 ന് പ്രസിദ്ധികരിക്കും ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരീക്ഷാതീയതി**

രണ്ടാം സെമസ്റ്റർ യൂ. ജി (സി. ബി. സി. എസ്. എസ്–2014 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകൾ ജൂലായ് 25 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ, പ്രൊജക്റ്റ് മൂല്യനിർണ്ണയം, വൈവാ വോസി**

2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എ പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 17 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂണിൽ നടത്തിയ രണ്ടാം വർഷ ബി. ഫാം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 10 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 13 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ ബി. എസ്സി. കംപ്യൂട്ടർ സയൻസ് ( സി. ബി. സി. എസ്. എസ്- റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാകടിക്കൽ ജൂലായ് 13 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്സി. ഒ. ആർ. ആന്റ് സി. എ (സി. എസ്. എസ് – (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ പ്രൊജക്റ്റ്, വൈവാ വോസി എന്നിവ ജൂലായ് 13 ന് നടുങ്കണ്ടം എം. ഇ. എസ് കോളേജിൽ വച്ച് നടത്തും വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രൊജക്റ്റ് മൂല്യനിർണ്ണയം, വൈവാ വോസി പരീക്ഷകൾ മാറ്റി**

ജൂലായ് 11 മുതൽ ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ എം. കോം മെയ്, ജൂൺ 2017 (സി. എസ്. എസ് – 2015 അഡ്മിഷൻ റഗുലർ/2012, 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രോജക്റ്റ് മൂല്യനിർണ്ണയവും വൈവാ വോസിയും ജൂലായ് 25 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് ലെറ്റേഴ്സ് 2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. ഫിൽ മലയാളം, ഇംഗ്ലീഷ്, തീയേറ്റർ ആർട്സ് (സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്‌സി. അപ്ലൈഡ് കെമിസ്ട്രി (സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 24 വരെ സ്വീകരിക്കും.

**എം. ടെക് പോളിമർ സയൻസ് & ടെക്നോളജി പ്രവേശം അപേക്ഷ ജൂലൈ 15 വരെ സ്വീകരിക്കും.**

എം. ജി സർവ്വകലാശാലാ പഠനവിഭാഗമായ സ്കൂൾ ഓഫ് കെമിക്കൽ സയൻസിലെ എം. ടെക് പോളിമർ സയൻസ് & ടെക്നോളജി പ്രോഗ്രാമിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 വരെയാക്കി ദീർഘിപ്പിച്ചു.അപേക്ഷകർക്ക് പോളിമർ സയൻസ് & ടെക്നോളജി, ഫൈബർ സയൻസ് & ടെക്നോളജി, റബ്ബർ ടെക്നോളജി, പ്ലാസ്റ്റിക് ടെക്നോളജി, കെമിക്കൽ എഞ്ചിനിയറിംഗ്, മെക്കാനിക്കൽ എഞ്ചിനിയറിംഗ്, മെറ്റീരിയൽ സയൻസ്, കെമിക്കൽ ടെക്നോളജി എന്നിവയിലേതിലെങ്കിലും 65 % മാർക്കോടെ ബി. ടെക്/ബി.ഇ ബിരുദമോ കെമിസ്ട്രി, പോളിമർ സയൻസ്, അപ്ലൈഡ് കെമിസ്ട്രി എന്നിവയിലേതിലെങ്കിലും 60 % മാർക്കോടെ എം. എസ്‌സി. ബിരുദമോ ഉണ്ടായിരിക്കണം. ഫൈനൽ പരീക്ഷാഫലം കാത്തുനിൽക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഗേറ്റ് സ്കോറിന്റെ അടിസ്ഥാനത്തിലായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ഗേറ്റ് സ്കോർ ഇല്ലാത്ത അപേക്ഷകർക്കായി സർവ്വകലാശാല ഒരു പ്രവേശനപരീക്ഷ നടത്തുന്നതാണ്. ഓഫ്‌ലൈനായാണ് അപേക്ഷയും ഫീസും സമർപ്പിക്കേണ്ടത്. www.cat.mgu.ac.in, www.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ വിശദമായ വിജ്ഞാപനവും അപേക്ഷയുടെയും ചലാൻ ഫോറത്തിന്റെയും മാതൃകകൾ ലഭ്യമാണ് പ്രവേശനപരീക്ഷാ തീയതി പിന്നീട്.

**എം. എസ്. ഡബ്ല്യൂ. പ്രവേശനം : ജൂലായ് 15 വരെ അപേക്ഷിക്കാം**

മഹാത്മാഗാന്ധി സർവ്വകലാശാലാ അഫിലിയേറ്റഡ് കോളേജുകളിലെ എം. എസ്. ഡബ്ല്യൂ പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രവേശനപ്പരീക്ഷയിലെ മാർക്കിന്റെയും ബോണസ് പോയിന്റുകളുടെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശനപ്പരീക്ഷയുടെ തീയതി പിന്നാലെ അറിയിക്കും. വിശദമായ നോട്ടിഫിക്കേഷനും കോളേജുകളുടെ വിവരങ്ങളും അപേക്ഷാഫോറത്തിന്റെ മാതൃകയും ഫീസടയ്ക്കുന്നതിനുള്ള ചലാനും സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 15 ന് മുമ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ക്യാപ്), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് (പി.ഒ), കോട്ടയം - 686 560 എന്ന വിലാസത്തിൽ സമർപ്പിക്കണം.

**കോളേജധ്യാപകർക്ക് ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം**

യൂ. ജി. സി യൂടെ 12-ാം പദ്ധതിയിലെ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം മുഖേന ഗവേഷണം (പി. എച്ച്. ഡി) നടത്തുന്നതിന് യൂ. ജി. സി. യുടെ 2(f) 12 B ലിസ്റ്റിൽ പ്പെട്ട കോളേജുകളിലെ അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. യൂ. ജി. സി. മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരായ അപേക്ഷകർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ അനുബന്ധ സാക്ഷ്യപത്രങ്ങളോടൊപ്പം കോളേജ് പ്രിൻസിപ്പൽമാർ മുഖേന ജൂലായ് 31 നകം കോളേജ് ഡവലപ്മെന്റ് കൗൺസിൽ ഓഫീസിൽ എത്തിക്കണം. യൂ. ജി. സി. ധനസഹായത്തോടെ മറ്റു ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല. വിശദ വിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0481 2731013.

**ആർട്ടിക് പര്യവേഷണ സംഘ തലവനായി എം. ജി യിലെ പ്രൊഫ. സി. റ്റി. അരവിന്ദകുമാർ**

ഇന്ത്യയുടെ ആർട്ടിക് പര്യവേഷണ സംഘത്തിന്റെ തലവനായി മഹാത്മാഗാന്ധി സർവ്വകലാശാലാ പരിസ്ഥിതി പഠന വിഭാഗം പ്രൊഫസർ ഡോ: സി. റ്റി അരവിന്ദകുമാർ ഈ മാസം ആർട്ടിക് സന്ദർശിക്കും. ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമായി 8 ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന സംഘത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷകനായ ജി. കൃഷ്ണനും അംഗമാണ്. കാലാവസ്ഥാ വ്യതിയാനം, അന്തരീക്ഷ മലിനീകരണം, ഭൗമ പഠനം, അണുക്കളുടെ വ്യാപനം, മഞ്ഞുമലകളുടെ ശോഷണം എന്നീ മേഖലകളിലാണ് ഇന്ത്യൻ പര്യവേഷണ സംഘം പഠനം നടത്തുന്നത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ടുള്ള കാലാവസ്ഥാവ്യതിയാനമാണ് എം. ജി. ഗവേഷകരുടെ മേഖല. 2008 ൽ ഹിമാദ്രി എന്ന ഗവേഷണ നിലയം ഇന്ത്യ നി-അലസുണ്ട് എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട്. എല്ലാ വർഷവും അഞ്ചോളം പര്യവേഷണ സംഘങ്ങളാണ് ഇന്ത്യയിൽ നിന്നും ഇവിടെ എത്തുന്നത്. ആറാഴ്ചയോളം നീണ്ടു നിൽക്കുന്ന ഇന്ത്യൻ ആർട്ടിക് എക്സിപഡീഷൻ പ്രോഗ്രാം ഗോവയിലെ നാഷണൽ സെന്റർ ഫോർ അന്റാർട്ടിക് ആന്റ് ഓഷ്യൻ റിസർച്ച് (NCAOR) എന്ന സ്ഥാപനമാണ് ഏകോപിപ്പിക്കുന്നത്. ഈ സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുള്ള മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷകർക്ക് എല്ലാ വർഷവും ആർട്ടിക് പര്യവേഷണത്തിൽ പങ്കെടുക്കാനാകും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**